# സി.അനന്ത രാമകൃഷ്ണൻ ചുമതലയേറ്റു



**നേമം ▸** കേന്ദ്രഗവേഷണ സ്ഥാപനമായ പാപ്പനംകോട്ടെ സി.എസ്.ഐ.ആർ. നിസ്റ്റിന്റെ പുതിയ ഡയറക്ടറായി പ്രമുഖ ശാസ്ത്രജ്ഞൻ സി.അനന്തരാമകൃഷ്ണൻ ചുമതലയേറ്റു. കെമിക്കൽ എൻജിനിയറിങ്ങിലും ഫുഡ് പ്രോസസിങ് ടെക്നോളജിയിലും വിദഗ്ധനായ അനന്തരാമകൃഷ്ണൻ തഞ്ചാവൂരിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫുഡ് ടെക്നോളജിയിൽ ഡയറക്ടറായും മൈസൂരിലെ സി.എസ്.ഐ.ആർ. സെൻട്രൽ ഫുഡ് ടെക്നോളജിക്കൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെ മുതിർന്ന ശാസ്ത്രജ്ഞനായും പ്രവർത്തിച്ചിട്ടുണ്ട്. തമിഴ്നാട് സ്വദേശിയാണ്.